“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/433/2025-C**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in

തീയ്യതി: **21-01-2026**

<u>താൽപ്പര്യപത്രം</u>

താൽപ്പര്യപത്രം സമർപ്പിക്കാനുള്ള അവസാന തീയതി	**03/02/2026 - 5 PM**
താൽപ്പര്യപത്രം തുറക്കുന്ന തീയതി	**04/02/2026 - 11 AM**
അടങ്കൽ തുക	**5,45,000/-** രൂപ (അഞ്ചു ലക്ഷത്തി നാല്പ്പത്തി അയ്യായിരം രൂപ മാത്രം)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻറ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്),ചേവായൂർ, കോഴിക്കോട്-17 നടത്തുന്ന **"The Incredible Tribal Fashion Trends in Kerala" എന്ന പദ്ധതിയുടെ ഭാഗമായുള്ള Visual Anthropological Project** ൽ ട്രൈബൽ പോർട്ട്ഫോളിയോ, മോഡൽ ഫോട്ടോഗ്രാഫി എന്നിവ ചെയ്യുന്നതിനായി പ്രസ്തുത മേഖലയിൽ താല്പര്യമുള്ള വിദഗ്ധരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു.

പട്ടികവർഗ്ഗ സമുദായാംഗങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരായിരിയ്ക്കും മോഡൽ. പരമ്പരാഗത ഗോത്ര മെയ്യലങ്കാരങ്ങളുടെ ട്രൈബൽ പോർട്ട്ഫോളിയോ തയ്യാറാക്കലും സംരക്ഷണവുമാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

ഗോത്രങ്ങളുടെ പരമ്പരാഗത മെയ് അലങ്കാരങ്ങളിലും വസ്ത്ര പാരമ്പര്യങ്ങളിലും പരമ്പരാഗത ഗോത്രം വസ്ത്രങ്ങളും പച്ചകുത്ത് നെറ്റിചോട്ട പോലെയുള്ള സ്കാറിങ്ങുകൾ തുടങ്ങിയവയുടെ രേഖപ്പെടുത്തലും ഇതിൻറെ ഉദ്ദേശമാണ്. ഗോത്ര മേഖലയിൽ ഫോട്ടോയും വീഡിയോയും ചെയ്യും സോഷ്യൽ മീഡിയാ ഹാൻഡ് ഔട്ടുകൾ ചെയ്യുമുള്ള പരിചയം വേണം മോഡലിങ്ങിലും അഭിനയത്തിലും ഫോട്ടോഗ്രാഫിയിലും ഡയറക്ഷനിലും താല്പര്യമുള്ള ഫോട്ടോഗ്രാഫർമാർക്ക് പ്രായഭേദമന്യേ അപേക്ഷിക്കാവുന്നതാണ്.

ചുമതലകൾ

1. **5** ഗോത്രങ്ങളുടെ പോർട്ട്ഫോളിയോ ഫോട്ടോകൾ ഇന്റീരിയറും എക്സ്റ്റീരിയറും ചെയ്യണം.

2. സ്റ്റുഡിയോ സെറ്റപ്പിലും ഫോട്ടോ ചെയ്യണം.

3. റീൽ/ സോഷ്യമീഡിയ ഹാൻഡ് ഔട്ടുകൾ നിർമ്മിക്കണം.

4. ഒരു ആൽബം ചെയ്യണം.

യോഗ്യതകൾ

1. ഗോത്രങ്ങളുടെ ഫോട്ടോയെടുത്ത അനുഭവം
2. സോഷ്യൽ മീഡിയ റീൽ/ഹാൻഡ് ഔട്ട് തയ്യാറാക്കാനുള്ള അറിവ്
3. ഗോത്ര ഫോട്ടോഗ്രാഫിയിൽ **10** വർഷത്തെയെങ്കിലും അനുഭവം അഭികാമ്യം

- താല്പര്യമുള്ള ഫോട്ടോഗ്രാഫർമാർ തങ്ങളുടെ ഫോട്ടോ, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, വാട്സ്ആപ്പ് നമ്പർ, ഇ-മെയിൽ ഐഡി എന്നിവ അടങ്ങിയ ബയോഡാറ്റ, മുൻപ് ചെയ്ത ഫോട്ടോ/ഗോത്രഫോട്ടോ/വീഡിയോ എന്നിവയുടെ സാമ്പിൾ **ഒരു കവറിലും** പ്രവൃത്തികൾ ചെയ്യുന്നതിന് ആവശ്യമായ തുക വിവരം അടങ്ങിയത് **മറ്റൊരു കവറിലും** ഉൾക്കൊള്ളിച്ചുകൊണ്ടുള്ള താത്പര്യപത്രം, **രണ്ടു കവറുംകൂടി സീലുചെയ്ത ഒരു കവറിൽ "ഡയറക്ടർ കിർടാഡ്സ് വകുപ്പ്, ചേവായൂർ പി.ഒ, കോഴിക്കോട് 673017"** എന്ന വിലാസത്തിലേക്ക് അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി **9446738384** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
- താത്പര്യപത്രം സംബന്ധിച്ച അന്തിമ തീരുമാനം കിർടാഡ്സ് ഡയറക്ടറിൽ നിക്ഷ
- പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- സീലു ചെയ്ത കവറിനു മുകളിൽ **"The Incredible Tribal Fashion Trends in Kerala"** എന്ന് എഴുതേണ്ടതാണ്.

Signed by
Bindu S
Date: 21-01-2026 18:01:26

ഡയറക്ടർ

1. ഡയറക്ടർ
   വിവര പൊതുജന സമ്പർക്ക വകുപ്പ്
   ഗവൺമെന്റ് സെക്രട്ടറിയേറ്റ്
   തിരുവനന്തപുരം (ആവരണ കത്ത് സഹിതം)
2. ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട്
3. കമ്പ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. നോട്ടീസ് ബോർഡ്
5. ആഫീസ് പകർപ്പ്